**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4844** **01-11-2021 - ൽ മറുപടിയ്ക്ക്**

**അഗ്രി ടൂറിസം നെറ്റ് വർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ ജി സ്റ്റീഫൻ, ശ്രീ. എച്ച്. സലാം** | | **Shri P. A. Mohamed Riyas (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഒരേ സമയം കാർഷിക മേഖലയെയും ടൂറിസം മേഖലയെയും പരിപോഷിപ്പിക്കുവാൻ അഗ്രി ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (എ) | കാർഷിക മേഖലയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട്, ഒരേ സമയം കാർഷിക മേഖലയെയും ടൂറിസം മേഖലയെയും പരിപോഷിപ്പിക്കുവാനും പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താൽപ്പര്യം ഉള്ളതുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. |
| (ബി) | അഗ്രി ടൂറിസം നെറ്റ് വർക്ക്, ഫാം ടൂറിസം പദ്ധതി എന്നിവ ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നത് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയാണ്. |
| (സി) | പ്രസ്തുത പദ്ധതികൾ വഴി എത്ര യൂണിറ്റുകൾ ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (സി) | കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതിയുടെ ഭാഗമായി 500 വലിയ ഫാം ടൂറിസം സെന്ററുകളും, 5000 ചെറുകിട ഫാം ടൂറിസം യൂണിറ്റുകളും സംസ്ഥാനത്ത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ